LIBRARY ARCHIVES Kerala Legislative Assembly

പഴങ്ങളിലേയും പച്ചക്കറികളിലേയും കീടനാശിനികളുടെ അളവ്

158 (1572) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പഴങ്ങളിലും പച്ചക്കറികളിലും കീടനാശിനികളുടെ അളവ് ഗണ്യമായ തോതിൽ വർദ്ധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പഴങ്ങളും പച്ചക്കറികളും പരിശോധിക്കുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(സി) ഇവയിൽ കീടനാശിനികളുടെ അളവ് പരിശോധിക്കുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള ലാബുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇത്തരം ലാബുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിൽ എന്റമോളജി വിഭാഗത്തിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ പഴങ്ങളും പച്ചക്കറികളും പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ട്.

(ഡി) മേഖല അടിസ്ഥാനത്തിൽ 3 ലാബുകൾ കൂടി ആരംഭിക്കാനും ജില്ലകളിൽ തുടർന്ന് ആരംഭിക്കാനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഫാമുകളിൽ ജൈവകൃഷി

159 (1573) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി, മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി ഫാമുകളിൽ പശു വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഫാമുകളിൽ ജൈവവളങ്ങളും ജൈവകീടനാശിനികളും മാത്രം ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാനായി നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവ കൃഷി രീതികൾക്ക് മുൻഗണന നൽകികൊണ്ടുള്ള കൃഷി പ്രവർത്തനങ്ങൾ അവലംബിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന് അനുബന്ധമായി ജൈവവളത്തിന്റെ ലഭ്യത, എല്ലാ കൃഷി ഫാമുകളിലും ആരംഭിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിലെ പശു വളർത്തൽ ഫാമുകളിൽ ചാണകം, സ്ലറി (വെള്ളം, ഗോമൂത്രം) എന്നിവ പുൽകൃഷി ചെയ്യുന്നതിനായി ഉപയോഗിക്കുന്നു. ആയതിലേക്കായി ഫാമുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ജൈവ വളത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി കൃഷി വകുപ്പിന്റെ ഫാമുകളിൽ പശു വളർത്തൽ കേന്ദ്രങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇതിൻ പ്രകാരം തിരുവനന്തപുരം ജില്ലയിലെ ജില്ലാ കൃഷിത്തോട്ടം, പെരിങ്ങമ്മല, ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാം, ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാം എന്നിവിടങ്ങളിൽ പശു വളർത്തൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

- പത്തനംതിട്ട ജില്ലയിലെ പന്തളം ഷുഗർകെയിൻ ഫാമിൽ 50-ലധികം പശുക്കളുള്ള ഒരു ഡെയറി യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നു. പുല്ലാട് സീഡ് ഫാം, അട്ടൂർ സീഡ് ഫാം എന്നിവയിലും പശു വളർത്തൽ കേന്ദ്രങ്ങൾ ആരംഭിച്ചു കഴിഞ്ഞു.
- എറണാകുളം ജില്ലയിലെ ആലുവ സ്റ്റേറ്റ് സീഡ് ഫാമിൽ ഡെയറി യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.
- കണ്ണൂർ ജില്ലയിലെ വേങ്ങോട് സ്റ്റേറ്റ് സീഡ് ഫാമിലും കാങ്ങോൾ സ്റ്റേറ്റ് സീഡ് ഫാമിലും പശു വളർത്തൽ കേന്ദ്രങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

- കാസർഗോഡ് ജില്ലയിലെ പുല്ലൂർ ഫാമിൽ 18 പശുക്കളുള്ള ഡെയറി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. കാസർഗോഡ് സ്റ്റേറ്റ് സീഡ് ഫാമിൽ 8 പശുക്കളുള്ള ഡെയറി യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.
- കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട് ജില്ലകളിൽ പശു വളർത്തൽ കേന്ദ്രം ഫാമിൽ തുടങ്ങുന്നതിനുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്.
- തൃശ്ശൂർ ജില്ലയിൽ പശു വളർത്തൽ കേന്ദ്രം ഉടൻ തന്നെ ആരംഭിക്കുന്നതാണ്. മലപ്പുറം ജില്ലയിൽ 4 ഫാമുകളിലായി 20 ലക്ഷം രൂപയുടെ പ്രോജക്ടിന് ജില്ലാ പഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. കോഴിക്കോട് ജില്ലയിലെ കുത്താളി ജില്ലാ കൃഷിത്തോട്ടത്തിൽ 20 പശുക്കൾക്കുള്ള തൊഴുത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. ബാക്കി നടപടികൾ ഉടൻ പൂർത്തിയാക്കുന്നതാണ്.
- മൃഗസംരക്ഷണ വകുപ്പിൽ 4 പശു വളർത്തൽ കേന്ദ്രങ്ങൾ നിലവിലുണ്ട്. (ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്/ ജഴ്സി ഫാം, വിതുര/ ജഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ/ ബഫല്ലോ ബ്രീഡിംഗ് ഫാം, കരിയോട്ടുമല) കൂടാതെ കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിൽ കേരളത്തിലെ നാടൻ കന്നുകാലികളെ വളർത്തുന്നതിനും അവയുടെ സംരക്ഷണവും ലക്ഷ്യമാക്കി മൃഗസംരക്ഷണ വകുപ്പിന്റെ ചുമതലയിൽ തുടങ്ങുന്ന ഫാമിന്റെ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

(സി&ഡി) കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവകൃഷി രീതിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷിരീതി പ്രോത്സാഹിപ്പിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിലെ പശു വളർത്തൽ ഫാമുകളിൽ ചാണകം, സ്ലറി (വെള്ളം, ഗോമൂത്രം) എന്നിവ ഉപയോഗിച്ചാണ് പുൽകൃഷിയും അനുബന്ധമായി പച്ചക്കറി കൃഷിയും ചെയ്യുന്നത്. ആയതിലേക്കായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. അഗ്രികൾച്ചർ ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിലെല്ലാം അവിടെ നിന്നും ലഭിക്കുന്ന ജൈവവളം ഉപയോഗിച്ചുള്ള കൃഷി നടത്തിവരുന്നുണ്ട്. അത് കഴിയുന്നത്ര കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബാലുശ്ശേരിയിൽ ബയോ കൺട്രോൾ ലാബ്

160 (1574) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൃഷി, കൃഷി അനുബന്ധ തൊഴിൽ, കൃഷി സാങ്കേതികവിദ്യ എന്നീ വിഷയങ്ങൾ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്താൻ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ ; ഇതിന്റെ ഭാഗമായി ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഒരു ബയോ കൺട്രോൾ ലാബ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

കൃഷി, കൃഷി അനുബന്ധ തൊഴിൽ, കൃഷി സാങ്കേതികവിദ്യ എന്നീ വിഷയങ്ങൾ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്താൻ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഒരു ബയോ കൺട്രോൾ ലാബ് സ്ഥാപിക്കുന്ന കാര്യം പരിശോധനയിലാണ്.

മട്ടുപ്പാവിൽ കൃഷി ചെയ്യുന്നവർക്കുള്ള ആനുകൂല്യങ്ങൾ

161 (1576) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടുപ്പാവിലും, വീട്ടുവളപ്പിലെ സ്ഥലപരിമിതികളിൽ കഴിയാവുന്ന വിധവും കൃഷി ചെയ്ത് പച്ചക്കറിയും കാർഷികോൽപ്പന്നങ്ങളും ഉണ്ടാക്കാൻ ശ്രമിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്നു പറയാമോ ;

(ബി) മേൽപറഞ്ഞവിധം കൃഷി ചെയ്യുന്നവർക്ക് കാർഷികാവശ്യത്തിന് വൈദ്യുതി സൗജന്യമായി നൽകാനും ഇവരുടെ കൃഷി വിലയിരുത്തുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മട്ടുപ്പാവിലും വീട്ടുവളപ്പിലുമുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2014-15-ലെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം കൃഷി വകുപ്പ് താഴെപ്പറയുന്ന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു :